**ഭരണഭാഷ-മാതൃഭാഷ**

നമ്പർ സി7-255345/20

കളക്ടറേറ്റ്, പത്തനംതിട്ട
തീയതി : 30.09.2020.

ജില്ലാ കളക്ടർ,
പത്തനംതിട്ട.

മെമ്പർ സെക്രട്ടറി,
കേരള സംസ്ഥാന മലിനീകരണ
നിയന്ത്രണ ബോർഡ്,
പത്തനംതിട്ട.

സർ,

വിഷയം:- അദാനി വിഴിഞ്ഞം തുറമുഖ പദ്ധതി - പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ വില്ലേജിൽ റീസർവ്വെ നമ്പർ 341/6(pt)ൽപ്പെട്ട സ്ഥലത്ത് പുതിയ പാറമട തുടങ്ങുന്നത് - സംബന്ധിച്ച്.

സൂചന:-
1. താങ്കളുടെ 24.08.2020 തീയതിയിലെ PCB/HO/PH-KGBSQ/PTA/2020 നമ്പർ കത്ത്.
2. ഈ ആഫീസിലെ 27.08.2020 ലെ ഇതേ നമ്പർ കത്ത്.
3. 18.09.20 ലെ ജില്ലാ പരിസ്ഥിതി എഞ്ചിനീയറുടെ PCB/PTA/TG/ 325/2020 നമ്പർ കത്ത്.
4. ഈ ആഫീസിലെ 23.09.2020 ലെ ഇതേ നം. കത്ത്.
5. കോന്നി എം.എൽ.എ. ശ്രീ.കെ.യു,ജനീഷ് കുമാർ 29.089.2020 ൽ നൽകിയ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. അദാനി വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ കൂടൽ വില്ലേജിൽ റീസർവ്വെ നമ്പർ 341/6(pt) ൽ പ്പെട്ട സ്ഥലത്ത് പുതിയ പാറഖനനം ആരംഭിക്കുന്നതിലേയ്ക്ക് കേരള സംസ്ഥാന മലനീകരണനിയന്ത്രണബോർഡിന്റെ അനുമതി ലഭിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളെ വെർച്വൽ മോഡിൽ 12.10.2020 രാവിലെ 10.30 മണിയ്ക്ക് കേൾക്കുന്നതിന് തീരുമാനിച്ച വിവരം പത്തനംതിട്ട ജില്ല പരിസ്ഥിതി എഞ്ചിനീയറെ സൂചന (2) കത്ത് മുഖേന അറിയിച്ചിരുന്നതാണ്. എന്നാൽ ജില്ലയിൽ കോവിഡ് 19 രോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ പൊതുജനങ്ങളെ കേൾക്കുന്നതിനായി സൂം ആപ്ലിക്കേഷൻ (വെർച്വൽരീതി) രീതിയിൽ യോഗം ചേരണമെന്ന് ടി കത്തിൽ നിർദ്ദേശിച്ചിരുന്നു.

സൂചന (3) കത്ത് പ്രകാരം വെർച്വൽ മോഡിൽ ഹിയറിംഗ് നടത്തുന്നതോടൊപ്പം ഹിയറിംഗിൽ നേരിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർക്ക് ആയതിനുള്ള ക്രമീകരണം കോവിഡ് 19 മാനദണ്ഡ പ്രകാരം നടത്തണമെന്നും ആയതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിന്റെ ലഭ്യതയും അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പത്തനംതിട്ട ജില്ലയിൽ നിലവിലെ കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മതിയായ സൗകര്യം ജില്ലാകളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ ക്രമീകരിക്കുന്നതിന് സാദ്ധ്യമല്ലെന്ന വിവരം സൂചന (4) കത്ത് പ്രകാരം ജില്ലാ പരിസ്ഥിതി എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതാണ്.

സൂചന (5) പ്രകാരം പാറഖനനം ആരംഭിക്കുന്ന പ്രദേശം ഉൾപ്പെട്ടുവരുന്ന കോന്നി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ.കെ.യു.ജനീഷ് കുമാർ, വെർച്വൽ മോഡിൽ പബ്ലിക് ഹിയറിംഗ് നടത്തുന്നത് നിയമവിരുദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രദേശത്തെ ഭൂരിപക്ഷം ആളുകൾക്കും ഹിയറിംഗ് വെർച്വൽ മോഡിൽ നടത്തിയാൽ ആയതിൽ പങ്കെടുക്കുന്നതിനോ രേഖകൾ ഹാജരാക്കുന്നതിനോ സാധിക്കാത്ത സാഹചര്യം ഉണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

കേരളത്തിൽ ഇതേവരെ 179922 കോവിഡ് പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്യിട്ടുള്ളതും 30.09.2020 ൽ 8830 കേസുകൾ കോവിഡ് പോസിറ്റീവ് ആയിട്ടുള്ളതുമാണ്. പത്തനംതിട്ട ജില്ലയിൽ നാളിതുവരെയായി 7849 കേസുകൾ കോവിഡ് പോസിറ്റീവാണെന്ന് കണ്ടെത്തിയിട്ടുള്ളതും 30.09.2020 ൽ മാത്രം 286 പേർക്ക് കോവിഡ് പോസിറ്റീവ് ആയിട്ടുള്ളതുമാണ്.അടുത്ത രണ്ട് ആഴ്ച്ചയ്ക്കുള്ളിൽ കേരളത്തിലെ പ്രതിദിന കോവിഡ് പോസിറ്റീവ് കേസുകളിൽ നിലവിലുള്ളതിന്റെ രണ്ട് മടങ്ങ് വർദ്ധനവ് ഉണ്ടാകുമെന്ന് ആരോഗ്യവിദഗ്ധർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ ഹിയറിംഗിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന ടി പ്രദേശത്തെ ആളുകളെ നേരിൽ കേൾക്കുന്നതിന് അവസരം നൽകുന്നത് കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അഭികാമ്യമല്ലാത്തതിനാൽ നിലവിലെ സാഹചര്യത്തിന് അഭിലഷണീയമായ പുരോഗതി കൈവരിച്ചശേഷം മറ്റൊരു തീയതിയിൽ നടത്താവുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർ.

പകർപ്പ് :

എൻവയോൺമെന്റൽ എഞ്ചിനീയർ,
ഡിസ്ട്രിക്ട് എൻവയോൺമെന്റൽ ഓഫീസ്,
പത്തനംതിട്ട.

T2